# Malayala Manorama

## 31 August 2018

## Kochi; Malayala Manorama Medical Camp; flood,

# മലയാള മനോരമ മെഡിക്കൽ ക്യാംപുകൾ ഇന്ന് രണ്ടിടത്ത്

- പറവൂർ വടക്കേക്കര സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം
- മൂവാറ്റുപുഴ അമ്പലംപടി മാർ ഗ്രിഗോറിയോസ് കമ്യൂണിറ്റി ഹാൾ
- സമയം: രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2.30 വരെ




കൊച്ചി • പ്രളയദുരിതത്തിനു പിന്നാലെ ജനങ്ങൾക്കു ഭീഷണിയാവുന്ന രോഗങ്ങളെ നേരിടാൻ മലയാള മനോരമയും ജില്ലയിലെ പ്രധാന ആശുപത്രികളും കൈകോർത്തുകൊണ്ടുള്ള സൗജന്യ മെഡിക്കൽ ക്യാംപുകൾ ഇന്ന് പറവൂർ വടക്കേക്കരയിലും മൂവാറ്റുപുഴ അമ്പലംപടിയിലും. പറവൂർ വടക്കേക്കര സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ആസ്റ്റർ മെഡ്സിറ്റിയുടെയും മൂവാറ്റുപുഴ അമ്പലംപടി റാക്കാട് സെന്റ് മേരീസ് കത്തീഡ്രൽ പള്ളി വക മാർ ഗ്രിഗോറിയോസ് കമ്യൂണിറ്റി ഹാളിൽ കോലഞ്ചേരി മെഡിക്കൽ കോളജിന്റെയും സഹകരണത്തോടെയാണു വിദഗ്ധ ഡോക്ടർമാർ പങ്കെടുക്കുന്ന മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കുന്നത്.

രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2.30 വരെയാണു ക്യാംപ്. നേരിട്ടെത്തി റജിസ്റ്റർ ചെയ്ത് ചികിൽസ തേടാം. ത്വക്ക്‌രോഗ വിദഗ്ധരും മനഃശാസ്ത്രജ്ഞരും ഉൾപ്പെടെ ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ ജീവനക്കാരുമാണു ക്യാംപിനു നേതൃത്വം നൽകുന്നത്.

രണ്ടു ക്യാംപുകൾക്കും ജില്ലാ മെഡിക്കൽ ഓഫിസറുടെ അനുമതി ലഭ്യമായിട്ടുണ്ട്.